**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **17-09-2025 - ൽ മറുപടിയ്ക്ക്**

**തോറിയം ഉപയോഗിച്ചുള്ള വൈദ്യുതോല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. പി. കെ. ബഷീർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുത ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി തോറിയം ഇന്ധനമാക്കിയുള്ള വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത വൈദ്യുത പ്ലാന്റുകൾ എവിടെയൊക്കെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സാങ്കേതിക വിദ്യയെ കുറിച്ചും വൈദ്യുതി ഉൽപ്പാദന ത്തിനായി കേരളത്തിലെ വിപുലമായ തോറിയം ശേഖരം തന്ത്രപരമായി എങ്ങനെ ഉപയോഗിക്കുവാൻ കഴിയും എന്നതിനെക്കുറിച്ചും ഒരു മാതൃക പഠനം നടത്തുന്നതിലേക്കായി കൽപ്പാക്കം ആണവ കേന്ദ്രം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് വസ്തുനിഷ്ഠമായി പരിശോധിച്ച് വിശദമായ ചർച്ചകൾക്ക് ശേഷം പൊതുസമവായം ഉണ്ടാകുകയാണെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. |
| (ബി) | തോറിയം ഉപയോഗിച്ചുള്ള വൈദ്യുതോല്പാദനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സാങ്കേതിക വിദ്യയെ കുറിച്ചും വൈദ്യുതി ഉൽപ്പാദന ത്തിനായി കേരളത്തിലെ വിപുലമായ തോറിയം ശേഖരം തന്ത്രപരമായി എങ്ങനെ ഉപയോഗിക്കുവാൻ കഴിയും എന്നതിനെക്കുറിച്ചും ഒരു മാതൃക പഠനം നടത്തുന്നതിലേക്കായി കൽപ്പാക്കം ആണവ കേന്ദ്രം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് വസ്തുനിഷ്ഠമായി പരിശോധിച്ച് വിശദമായ ചർച്ചകൾക്ക് ശേഷം പൊതുസമവായം ഉണ്ടാകുകയാണെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. |
| (സി) | തോറിയം അധിഷ്ഠിത പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ഉണ്ടായേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സാങ്കേതിക വിദ്യയെ കുറിച്ചും വൈദ്യുതി ഉൽപ്പാദന ത്തിനായി കേരളത്തിലെ വിപുലമായ തോറിയം ശേഖരം തന്ത്രപരമായി എങ്ങനെ ഉപയോഗിക്കുവാൻ കഴിയും എന്നതിനെക്കുറിച്ചും ഒരു മാതൃക പഠനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിലേക്കായി കൽപ്പാക്കം ആണവ കേന്ദ്രം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് വസ്തുനിഷ്ഠമായി പരിശോധിച്ച് വിശദമായ ചർച്ചകൾക്ക് ശേഷം പൊതുസമവായം ഉണ്ടാകുകയാണെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ